150 YEARS OF CELEBRATING THE MAHATMA

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം
തീയതി. 5/10/2020

സി3/1500/2020

## സർക്കുലർ

വൊക്കേഷണൽ ഹയർ സെക്കന്ററി ഒന്നാം വർഷ ഏകജാലക പ്രവേശനത്തിനുള്ള ഒന്നാം ഘട്ടം പൂർത്തിയായ സാഹചര്യത്തിൽ സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോഴ്സ് മാറ്റത്തിനുള്ള ട്രാൻസ്ഫർ അപേക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ഏതെങ്കിലും വി.എച്ച്.എസ്.ഇ സ്കൂളിൽ സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്കാണ് ട്രാൻസ്ഫർ അപേക്ഷിക്കാനുള്ള അവസരം
2. ട്രാൻസ്ഫർ ആപ്ലിക്കേഷൻ സമർപ്പിക്കുമ്പോൾ ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലെ ഏതെങ്കിലും കോഴ്സിലേക്കോ , അതേ സ്കൂളിലെ തന്നെ മറ്റൊരു കോഴ്സ് മാറ്റത്തിനോ അപേക്ഷിക്കാവുന്നതാണ്.
3. ഭിന്നശേഷി വിഭാഗത്തിൽ ഒന്നാം ഓപ്ഷനിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ ആപ്ലിക്കേഷൻ പരിഗണിക്കുന്നതല്ല. എന്നാൽ താഴ്ന്ന ഓപ്ഷനിൽ പ്രവേശനം നേടിയ ഐ.ഇ ഡി കാറ്റഗറി വ്ദ്യാർത്ഥികൾക്ക് അവരുടെ ഉയർന്ന ഓപ്ഷനിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. ഇക്കാര്യം പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.
4. ട്രാൻസ്ഫറിനുള്ള അപേക്ഷ വി.എച്ച്.എസ്.ഇ ഏകജാലക പ്രവേശന വെബ്സൈറ്റിലെ **www.vhscap.kerala.gov.in** എന്ന സൈറ്റിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് രക്ഷകർത്താവും കുട്ടിയും ഒപ്പ് വച്ച് സ്ഥിര പ്രവേശനം നേടിയ സ്കൂളിലെ പ്രിൻസിപ്പലിന് സമർപ്പിക്കാവുന്നതാണ്.
5. വിദ്യാർത്ഥി സ്ഥിരപ്രവേശനം നേടിയ സ്കൂളിലെ പ്രിൻസിപ്പലിന് ആണ് ട്രാൻസ്ഫർ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ടത്. **കോവിഡ് 19 - കോറന്റയിൻ** ഉള്ളവർ **കണ്ടയ്ൻമെന്റ് സോൺ** ഉള്ളവർ എന്നിവർക്ക് ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പലുമായി ബന്ധപ്പെട്ടശേഷം ഒപ്പ് വച്ച അപേക്ഷ സ്കാൻ ചെയ്ത് സ്കൂൾ മെയിലിലേക്ക് അയച്ചു കൊടുത്താലും മതിയാകും.

6. പ്രിൻസിപ്പൽമാർ അവരുടെ സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ ട്രാൻസ്ഫറിന് താൽപര്യം പ്രകടിപ്പിച്ച വിദ്യാർത്ഥികളേയും മറ്റും ട്രാൻസ്ഫർ അപേക്ഷ സംബന്ധിച്ച കാര്യം ഫോണിലൂടെ അറിയിക്കാൻ ശ്രമിക്കേണ്ടതാണ്.
7. ട്രാൻസ്ഫർ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ , ട്രാൻസ്ഫർ അലോട്ട്മെന്റ് കിട്ടിയാൽ നിർബന്ധമായും വിദ്യാർത്ഥി ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ പ്രവേശനം നേടേണ്ടതാണ്. ഇപ്രകാരം പിരിഞ്ഞു പോകുന്ന വിദ്യാർത്ഥിക്ക് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും , തുകയും, പി.ടി.എ ഫണ്ടും തിരികെ നൽകേണ്ടതാണ്. റവന്യൂ പോർഷൻ അടക്കേണ്ടതില്ല.
8. **കോവിഡ് 19** പശ്ചാത്തലത്തിൽ ട്രാൻസ്ഫർ അപേക്ഷ സ്വീകരിക്കൽ, അഡ്മിഷൻ നടത്തൽ തുടങ്ങിയവക്ക് അതാതു സ്ഥലത്തെ ബഹുമാനപ്പെട്ട കളക്ടർ മറ്റ് ഗവൺമെന്റ ഏജൻസികൾ നൽകുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

# സമയക്രമം

| | |
|---|---|
| ട്രാൻസ്ഫർ അപേക്ഷാ പ്രവേശനം നേടിയ സ്കൂളിൽ സമർപ്പിക്കൽ | 7/10/2020 4 മണി വരെ |
| ട്രാൻസ്ഫർ എൻട്രി നടത്തൽ, കൺഫർമേഷൻ, വേക്കൻസി വെരിഫിക്കേഷൻ | 8/10/2020 4 മണി |
| ട്രാൻസ്ഫർ അലോട്ട്മെന്റ് പ്രകാരം പ്രവേശനം | 12/10/2020 മുതൽ 13/10/2020 4 മണി വരെ |
| സപ്ലിമെന്ററി പ്രവേശനം | 10/10/2020 മുതൽ |